**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 875** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>തെന്നല മറക്കപ്പാടം കാപ്പ് ജലസേചന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലുൾപ്പെട്ട മറക്കപ്പാടം കാപ്പ് ജലസേചന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

**<u>മറുപടി:</u>** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലുൾപ്പെട്ട മറക്കപ്പാടം കാപ്പ് ജലസേചന പദ്ധതിയ്ക്ക് G.O (Rt.) No. 90/2021/WRD തീയതി 08.02.2021 പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതിയും MIDMpm/2021-2022/2020/1268/IA തീയതി 23.06.2021 പ്രകാരം സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കയ്യേറ്റം ഉണ്ടെന്ന ആക്ഷേപം ഉന്നയിക്കുകയും പ്രസ്തുത കാപ്പ് സർവ്വെ ചെയ്ത് അതിർത്തി നിർണ്ണയിച്ചതിനുശേഷം മാത്രമേ ടെണ്ടർ ചെയ്യാവൂ എന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി അന്യാധീനപ്പെടുന്നത് ഒഴിവാക്കുന്നതിനായി ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുകയായിരുന്നു. DSOR 2018 നിലവിൽ വരുകയും, ജി.എസ്.ടി യിൽ വന്ന മാറ്റവും കാരണം എസ്റ്റിമേറ്റ് തുക ഭരണാനുമതിതുകയായ 200 ലക്ഷത്തിനേക്കാൾ അധികരിച്ച് 279 ലക്ഷം രൂപയായതിനാൽ പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ 2022-2023 സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും 2023-24 സാമ്പത്തിക വർഷം ഉചിതമായ ശീർഷകത്തിൽ തുക കണ്ടെത്തി പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. മേൽപ്പറഞ്ഞ പ്രകാരം നല്കിയ ഭരണാനുമതിയുടെയും സാങ്കേതികാനു മതിയുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതി, ടെൻഡർ നടപടികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയുടെ പകർപ്പ്, സാങ്കേതിക അനുമതിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് അടക്കമുള്ള ഡിപിആർ തയ്യാറാക്കിയ സമയത്ത് പ്രവൃത്തി നടത്തുന്നതിനുള്ള നീളം, വീതി, ആഴം എന്നിവ കണക്കാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത അളവുകൾ സഹിതം വിശദമാക്കാമോ;

**<u>മറുപടി:</u>** മരക്കപ്പാടം കാപ്പിന്റെ നവീകരണ പ്രവൃത്തിയുടെ ഭാഗമായി 800 ചതുരശ്രമീറ്ററിൽ 2m ആഴത്തിൽ desiltation ചെയ്ത്, 1:3:6 CC Foundation നൽകി 3m പൊക്കത്തിൽ DR ചെയ്യുന്ന പ്രവൃത്തിയിൽ CC belt കൂടി നൽകുന്നുണ്ട്.

**(എഫ്)** ഒരു പ്രവൃത്തി നടത്തുന്നതിനുള്ള അളവുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കിയതിനു ശേഷം പ്രസ്തുത അളവിനുള്ളിൽ വരാത്ത പ്രദേശത്തെ കയ്യേറ്റം ഒഴിപ്പിക്കണമെന്ന ഒരു വ്യക്തിയുടെ പരാതി പ്രകാരം പദ്ധതിയുടെ തുടർ പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കയ്യേറ്റം ഒഴിപ്പിക്കണമെന്ന പരാതിയെ തുടർന്ന് സർക്കാർ ഭൂമി അന്യാധീനപ്പെട്ട് പോകുന്നത് ഒഴിവാക്കാനും കാപ്പ് പൂർണ്ണമായി സംരക്ഷിക്കുന്നതിനും വേണ്ടിയാണ് ടെണ്ടർ നടപടികൾ നിർത്തിവെച്ചത്. സർവ്വെ നടപടികൾ പൂർത്തീകരിച്ച് കയ്യേറ്റം ഇല്ലെന്ന് ഉറപ്പാക്കുന്ന പക്ഷം പ്രവൃത്തി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാവുന്നതാണ്.

**(ജി)** പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം തുടർനടപടികളാണ് ആവശ്യമുള്ളത്; എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ?

**<u>മറുപടി:</u>** കൃഷിയും വെള്ളക്കെട്ടും ചെളിയും കാരണം മരക്കപ്പാടം കാപ്പിന്റെ സർവ്വെ നടപടികൾ പൂർത്തീകരിക്കുവാനുണ്ട്. പ്രസ്തുത നടപടികൾ സർവ്വേ വകുപ്പ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡി.എസ്.ആർ 2021 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**

PRICE

EST NO:2020/1268/IA

| TECHNICAL SANCTION FOR WORKS | |
|---|---|
| IRRIGATION DEPARTMENT, Government of Kerala | |
| ORDER No.MIDMpm/2021-2022/2020/1268/IA | Dated:23-06-2021 |
| Circle : | MICkkd |
| Division : | Minor Irrigation Division Malappuram |
| Sub Division : | Minor irrigation Sub division Parappanangady |
| Work Name : | MI Class I - Rennovation of Marakkappadam Kappu (Farmers Natural Water Source) in Thennala Grama Panchayath in Malappuram District |
| Reference Administrative Sanction : | G.O.(Rt.) No.90/WRD dated 06.02.2021 Dated:06-02-2021 **20000000** |
| Amount for which Technical Sanction Issued : | 20000000.00 |
| Source of Fund (Budget head of Account) : | 4702-00-101-66-01-00-V (Minor Irrigation Class I-schemes Under Haritha Keralam,works) |
| Duration of Work : | 1 Years 6 Months |
| Technical Sanction issued for the above work is entered in the TS register vide register number 444/2021-2022 | |

PRICE

-sd

Superintending Engineer

Sandhya

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ജല വിഭവ വകുപ്പ്-മലപ്പുറം ജില്ലയിലെ വിവിധ ചെറുകിട ജലസേചന പ്രവർത്തികൾ-ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജല വിഭവ വകുപ്പ് (എം ഐ) വകുപ്പ്

G.O.(Rt) No.90/2021/WRD തീയതി,തിരുവനന്തപുരം, 08/02/2021

പരാമർശം:- 1 ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ 19-10-2020 തീയതിയിലെ W6/19534/2020/റ്റി എസ്സ് നമ്പർ കത്ത്

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ ചുവടെ പരാമർശിച്ചിട്ടുള്ള പ്രവർത്തികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം 2 വോള്യം 2-ൽ ഭരണാനുമതിയില്ലാത്ത പ്രവർത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള ശുപാർശ, പരാമർശം 1 പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

1. മൂർക്കനാട് പഞ്ചായത്തിലെ പോത്തുള്ളി ചിറ വെങ്ങാടിൽ പോത്തുള്ളി

   തോടിന് കുറുകെ വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം.

2.തെന്നല പഞ്ചായത്ത് മറക്കപ്പാടം കാപ്പ് നവീകരണം.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം 2 വോള്യം 2-ൽ ഭരണാനുമതിയില്ലാത്ത പ്രവർത്തികളിൽ ഇരുപത് ശതമാനം വകയിരുത്തുന്ന പദ്ധതി എന്ന പരിഗണനയിൽ മൂർക്കനാട് പഞ്ചായത്തിലെ പോത്തുള്ളി ചിറ വെങ്ങാടിൽ പോത്തുള്ളി തോടിന് കുറുകെ വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം, തെന്നല പഞ്ചായത്ത് മറക്കപ്പാടം കാപ്പ് നവീകരണം എന്നീ പ്രവർത്തികൾക്ക് യഥാക്രമം എം.ഐ ക്ലാസ്സ് -1, എം.ഐ ക്ലാസ്സ് -1 ഹരിതകേരളം എന്നീ ശീർഷകങ്ങളിൽ 200(ഇരുന്നൂറ്) ലക്ഷം രൂപയുടെ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പദ്ധതിക്ക് ആവശ്യമായ തുക 5054-80-800-66 എന്ന ശീർഷകത്തിൽ നിന്നും മേൽ ശീർഷകം ഉൾപ്പെടുന്ന ഡിമാന്റിൽ സറണ്ടർ ചെയ്ത് ആവശ്യമായ ശീർഷകത്തിൽ അനുവദിച്ചു നൽകുന്നതിനായി ശിപാർശ അടിയന്തരമായി

ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും) സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRANABJYOTI NATH IAS
SECRETARY

പകർപ്പ്

ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(നം.1673692/അഗ്രി എ1/10/2021-ധന തീയതി 21.01.2021)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRANABJYOTI NATH IAS
SECRETARY

സെക്ഷൻ ഓഫീസർ

Sandhya
സെക്ഷൻ ഓഫീസർ